THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

| GRADE: VI<br>Date: | TERM 1 (2023-24)<br>MALAYALAM<br>ANSWER KEY | Marks: 40<br>Time: 2 hours |
|---|---|---|

Name:

Class & Section:

| Q.No. | Questions | Mark |
|---|---|---|
| | **SECTION A** | |
| | ചുവടെ തന്നിരിക്കുന്ന ഭാഗം വായിച്ച് ഉത്തരമെഴുതുക | |
| | കവിത എഴുതുന്ന വ്യക്തിയെ "കവി" എന്നു വിളിക്കുന്നു. കവിയുടെ സ്ത്രീലിംഗമാണ "കവയിത്രി". സംസ്കൃതത്തിൽ നിന്ന് മലയാളം കടംകൊണ്ട പദങ്ങളിൽപ്പെട്ടതാണ് ഇവ. കവി കവിതയിലൂടെ ആശയവിനിമയം നടത്തുന്നു. അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടും ആശയങ്ങളും കാവ്യരൂപത്തിൽ അവതരിക്കപ്പെടുന്നു. മലയാള കവിതകളിൽ പ്രധാനം അദ്ധ്യാത്മ രാമായണം കിളിപ്പാട്ടാണ്. മഹാകാവ്യങ്ങൾ രചിക്കുന്നവർ മഹാകവി എന്ന് അറിയപ്പെടുന്നു. | |
| 1 | കവി എന്ന പദത്തിന്റെ 'സ്ത്രീലിംഗ 'പദം ഏത്? "കവയിത്രി". | 1 |
| 2 | കവി ആശയവിനിമയം നടത്തുന്നത് എങ്ങനെയാണ്? കവിതയിലൂടെ | 1 |
| 3 | ആരാണ് മഹാകവികൾ?<br>മഹാകാവ്യങ്ങൾ രചിക്കുന്നവർ | 1 |
| | **SECTION B** | |
| | ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം കണ്ടെത്തുക | |
| 4 | 'പ്രസരിപ്പിക്കുക ' എന്ന പദത്തിന്റെ അർഥം എന്ത് ?<br>a. അയയ്ക്കുക b. വ്യാപിപ്പിക്കുക c. ഉൽഘോഷിക്കുക | 1 |
| 5 | 'ഘോരം ' എന്ന പദത്തിന്റെ അർഥം എന്ത്?<br>a . കഠിനം b . കടിനം c . കഡിനം | 1 |

| | | |
|---|---|---|
| 6 | കുയിൽ ' എന്ന പദത്തിന്റെ <u>പര്യായം അല്ലാത്തത് ഏത്</u><br><br>a . പികം b. കോകിലം <u>c. പിഗം</u> | 1 |
| 7 | 'വാടി ' എന്ന പദത്തിന്റെ <u>നാനാർഥം അല്ലാത്തത് ഏത്</u>?<br><br><u>a . പാട്ടുക</u> b . പൂന്തോട്ടം c . വാട്ടുക | 1 |
| 8 | 'വിരളം ' എന്ന പദത്തിന്റെ <u>എതിർ പദം ഏത്?</u><br><br>a . കുറവ് b. സവിരള <u>c. അവിരളം</u> | 1 |
| 9 | <u>പിരിച്ചെഴുതുക</u><br>മുറ്റത്തിരിക്കുകയാണ് -...........<br><br>a. മുറ്റത്ത് + ഇരിക്കുക +അൺ<br><u>b. മുറ്റത്ത് +ഇരിക്കുക + ആണ്</u><br>c. മുറ്റത്ത +യിരിക്കുക +ആണ് | 1 |
| 10 | <u>ചേർത്തെഴുതുക</u><br>ഇരിപ്പിടം +ഇൽ - ................<br>.<br><u>a. ഇരിപ്പിടത്തിൽ</u><br>b. ഇരിപിOത്തിൽ<br>c. ഇരിപ്പിടത്തിഇൽ | 1 |
| 11 | <u>വിഗ്രഹിച്ച് എഴുതുക-.</u><br>അങ്കണ തൈമാവ്................<br><br>a. അങ്കണത്തിന്റെ മാവ്<br>b . അങ്കണത്തിലെ തൈമാവ്<br><u>c. അങ്കണത്തിൽ നിൽക്കുന്ന തൈമാവ്</u> | 1 |
| 12 | <u>ഒറ്റവാക്കെഴുതുക</u><br>_ചിന്തകളുടെ ആധിക്യം ..........<br><br>a .ചിദാദിക്യം <u>b . ചിന്താധിക്യം</u> c. ചിന്തതിക്യം | 1 |
| 13 | <u>പകരം പദം</u><br>അജം :......................<br>a . ആന b .ആമ <u>c . ആട്</u> | 1 |
| 14<br><br>15<br><br>16 | <u>ചേരുംപടി ചേർക്കുക</u><br><br>ബഷീർ : <u>ബാല്യകാലസഖി</u><br><br>വൈലോപ്പിള്ളി : : <u>കന്നിക്കൊയ്ത്ത്</u><br><br>യൂറി ഗഗാറിൻ : <u>വോസ്തോക്ക്</u> | 3 |
| | | 1 |

| | | |
|---|---|---|
| 17 | ബഷീർ തന്റെഏത് കഥയിലാണ് ‘ഒരു ഞാഞ്ഞൂൽ പോലും ദൈവത്തിന്റെ മഹത്തായ സൃഷ്ടിയാണെന്ന് ‘പറയുന്നത്? <br><br> a . ഭൂമിയുടെ അവകാശികൾ b . മതിലുകൾ c . ശബ്ദങ്ങൾ | |
| 18 | അന്താരാഷ്ട്ര മനുഷ്യ ബഹിരാകാശ ദിനം? <br><br> a .ഏപ്രിൽ 12 b . മെയ് 12 c . ജൂൺ 12 | 1 |
| 19 | 'ഹേ അജസുന്ദരി! ഭവതി ആ പുതപ്പ് തിന്നരുത്' എന്ന പറഞ്ഞതാര്? <br> a .പാത്തുമ്മ b . അബു c . ബഷീർ | 1 |
| 20 | ബഷീർ ദിനം . <br><br> a .ജൂലൈ 15 b . ജൂലൈ 5 c . ജൂൺ 15 | 1 |
| | **SECTION C** | |
| 21 | ഉത്തരം എഴുതുക <br><br> യാത്ര പോകാൻ തുടങ്ങിയപ്പോൾ യൂറിയുടെ ഭാവം എന്തായിരുന്നു? <br><br> ആകാംക്ഷയോ ഉത്കണ്ഠയോ ഒന്നും യൂറിയുടെ മുഖത്ത് ഉണ്ടായിരുന്നില്ല .ഒരു ചിരകാലസ്വപ്നം സാക്ഷാത്കരിക്കുന്ന ഭാവമായിരുന്നു ആ കണ്ണുകളിൽ . | 2 |
| 22 | ബഷീറിന്റെ ഏതു കഥയിലും കേൾക്കുന്ന പൊതുതത്ത്വം എന്ത്? <br><br> ബഷീറിന്റെ ഏതു കഥയിലും നോവലിലും കേൾക്കുന്ന പൊതുതത്ത്വം സ്നേഹത്തിന്റെയും വിശ്വമാനവികതയുടെയും വളകിലുക്കമാണ്. | 2 |
| 23 | ആരെയാണ് ദൈവജ്ഞരായി കവി കല്പിച്ചിരിക്കുന്നത്? <br><br> കുട്ടികളെയാണ് ദൈവജ്ഞരായി കവി കല്പിച്ചിരിക്കുന്നത്. | 2 |
| 24 | കുറിപ്പെഴുതുക <br><br> യൂറി ഗഗാറിൻ <br><br> ജീവചരിത്രം <br><br> യൂറിഗഗാറിൻ <br><br> ജനനം : 1934 മാർച്ച് 9 ന് ക്ലുഷിനോ ഗ്രാമത്തിൽ ജനിച്ചു . <br> • 1961 ഏപ്രിൽ 12 ന് ഇദ്ദേഹം ബഹിരാകാശത്ത് എത്തിയ ആദ്യ മനുഷ്യനായി . <br> • ഭൂമിയെ ഭ്രമണം ചെയ്തആദ്യമനുഷ്യനും ഇദ്ദേഹമാണ്. <br> • ഇദ്ദേഹം പ്രപഞ്ചത്തിന്റെ കൊളംബസ് എന്നറിയപ്പെടുന്നു. <br> • അന്താരാഷ്ട്ര മനുഷ്യബഹിരാകാശ ദിനം -ഏപ്രിൽ 12 | 4 |

| | | | |
|---|---|---|---|
| | • ബഹിരാകാശ വാഹനത്തിന്റെ പേര് - വോസ്‌തോക്ക്<br>• ബഹുമതി : 'ഹീറോ ഓഫ് സോവിയറ്റ് യൂണിയൻ '( പ്രധാന മന്ത്രി ക്രൂഷ്ചേവ് അദ്ദേഹത്തെ ബഹുമാനിച്ചു .)<br>• 1968 മാർച്ച് 27 ന് ഒരു പരിശീലനപ്പറക്കലിനിടെ 'മിഗ്15' വിമാനം തകർന്ന് അദ്ദേഹം അന്തരിച്ചു.. | |
| 25 | <u>ആസ്വാദനക്കുറിപ്പ്</u><br><br>"വാക്കുകൾ കൂട്ടിച്ചൊല്ലാൻ<br>വയ്യാത്ത കിടാങ്ങളെ ,<br>ദീർഘദർശനം ചെയ്യും<br>ദൈവജ്ഞരല്ലോ നിങ്ങൾ"<br>**Ans:**<br>വൈലോപ്പിള്ളി ശ്രീധരമേനോന്റെ പ്രശസ്തമായ കവിതയാണ് മാമ്പഴം. ഒരമ്മയുടെ ചിന്തകളിലൂടെയാണ് കവിത അവതരിപ്പിച്ചിരിക്കുന്നത്. തന്റെ മകൻ പൂവിട്ട തൈമാവിൻറെ ഒരു കുല ഒടിച്ചു കൊണ്ട് അമ്മയുടെ അടുത്തെത്തി. തീരെ ചെറിയ കുട്ടിയായ അവന് പൂങ്കുല ഒടിച്ചാൽ മാങ്ങ ഉണ്ടാകില്ലെന്ന് അറിയില്ലായിരുന്നു. പൂങ്കുലയുമായി വരുന്ന കുട്ടിയെ കണ്ടപ്പോൾ ദേഷ്യം വന്ന അമ്മ അവനെ ശകാരിച്ചു. കുട്ടിക്ക് വലിയ വിഷമമായി അവൻ കരഞ്ഞു. എന്നിട്ട് അവൻ പൂങ്കുല എറിഞ്ഞു കൊണ്ട് പറഞ്ഞു :" ഞാൻ മാമ്പഴം പെറുക്കുവാൻ വരുന്നില്ല "എന്ന്. അവന്റെ വാക്കുകൾ അമ്മ കാര്യമായിട്ട് എടുത്തില്ല. നാലുമാസം തികയും മുമ്പ് മാങ്ങകൾ മൂത്തു പഴുത്ത് വീഴും മുൻപ് അമ്മയുടെ മണിക്കുട്ടൻ മരിച്ചു. ശൈശവത്തിലുള്ള കുഞ്ഞുങ്ങൾ ദൈവജ്ഞരാണ് എന്നാണ് കവി പറയുന്നത്. ഭാവി അവർക്കു പ്രവചിക്കാൻ കഴിയും അതാണ് ഇവിടെയും സംഭവിച്ചത്. നാലുമാസം കഴിഞ്ഞ് ആർക്കും വേണ്ടാതെ മുറ്റത്ത് കിടക്കുന്ന മാമ്പഴം കണ്ടപ്പോൾ ഉണ്ടായ അമ്മയുടെ ദുഃഖത്തിലൂടെ കവി സംഭവങ്ങൾ വിവരിക്കുന്നു. | 5 |
| 26 | <u>കത്തെഴുതാം</u><br><br>സ്വാമി വിവേകാനന്ദന്റെ ജീവചരിത്രം 'തേജസ്വിയായ വാഗ്മി' ഒരു കോപ്പി അയച്ചുതരണം എന്ന് ആവശ്യപ്പെട്ട് പ്രസാധകരായ എച്ച് ആൻഡ് സി പബ്ലിഷിങ് ഹൗസിന് ഒരു കത്ത് തയ്യാറാക്കുക ?<br><br>പേര്<br>വീട്ടുപേര്<br>സ്ഥലപ്പേര്<br>പോസ്റ്റ് ഓഫീസ്<br>ജില്ല- പിൻകോഡ്<br><br>മാനേജർ ,<br>എച്ച് &സി പബ്ലിഷിങ് ഹൗസ്<br>തൃശ്ശൂർ<br><br>സർ,<br><br>എനിക്ക് , താങ്കളുടെ സ്ഥാപനം പ്രസിദ്ധീകരിച്ച സ്വാമി വിവേകാനന്ദന്റെ ജീവചരിത്രം 'തേജസ്വിയായ വാഗ്മി' അയച്ചുതരണമെന്ന് അഭ്യർഥിക്കുന്നു.പുസ്തകത്തിന്റെ വിലയായ 60 രൂപയും തപാൽ ചാർജും ഉൾപ്പെടെ 80 രൂപയുടെ ഡി ഡി .ഇതിനോടൊപ്പം വയ്ക്കുന്നു .ഈ തപാലിൽ തന്നെ പുസ്തകം അയക്കുമല്ലോ . | 5 |

| | | |
|---|---|---|
| | ബഹുമാനപൂർവം,<br><br>സ്ഥലം<br>തീയതി പേര്<br>ഒപ്പ് | |

ANJALI PATHROSE

HOD:വിദ്യ മാം

HOS: